## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1861 11.02.2020-ൽ മറുപടിയ്ക്ക്

## "പത്രപ്രവർത്തകർക്ക് ക്ഷേമനിധി ബോർഡ്"

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ. ശശീന്ദ്രൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| സംസ്ഥാനത്തെ പ്രാദേശിക പത്രപ്രവർത്തകർക്ക് ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | 2008 ലെ അൺഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി നിയമം (കേന്ദ്രനിയമം) പ്രകാരം 02.02.2016 ലെ സ.ഉ (പി) നം. 24/2016/തൊഴിൽ ഉത്തരവ് മുഖേന കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് നിലവിൽ വന്നിട്ടുണ്ട്. വർക്കിംഗ് ജേർണലിസ്റ്റ് (കണ്ടീഷൻസ് ഓഫ് സർവ്വീസ് ആന്റ് മിസലേനിയസ് പ്രൊവിഷൻസ്) ആക്ട് 1955 ന്റെ പരിധിയിൽ വരാത്തവരും, മറ്റു ക്ഷേമനിധികളിൽ അംഗങ്ങളല്ലാത്തവരുമായ പത്ര-ദൃശ്യ, ഡിജിറ്റൽ മാധ്യമ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ബോർഡിൽ അംഗത്വമെടുക്കാവുന്നതാണ്. പദ്ധതിയിൽ കുറഞ്ഞത് ഒരു വർഷമെങ്കിലും അംഗത്വം ഉള്ളവർക്ക് 60 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് അവരുടെ അംഗത്വ കാലയളവിന് ആനുപാതികമായി റിട്ടയർമെന്റാനുകൂല്യം അനുവദിക്കുന്നതാണ്. ഒരു വർഷം തുടർച്ചയായി അംശാദായം അടച്ച ഒരു വനിത അംഗത്തിന് പ്രസവ ധനസഹായമായി 15,000/- രൂപ വരെ ലഭിക്കുന്നതാണ്. ഒരു വർഷം തുടർച്ചയായി അംശാദായം അടച്ച അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കൾക്കും പദ്ധതിയിലെ വനിത അംഗങ്ങൾക്കും വിവാഹ ധനസഹായമായി 10,000/- രൂപ ലഭിക്കുന്നതാണ്. പദ്ധതിയിൽ അംഗമായിരിക്കെ 60 വയസ്സ് പൂർത്തിയാക്കി വിരമിക്കുന്നയാൾക്ക് ഇന്ദിരാഗാന്ധി നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീം പ്രകാരം അതത് കാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ റിട്ടയമെന്റ് പെൻഷൻ ലഭിക്കുന്നതാണ്. പദ്ധതിയിൽ കുറഞ്ഞത് 10 വർഷം അംശാദായം അടച്ച് പെൻഷന് അർഹത നേടിയ അംഗം |

മരണമടഞ്ഞാൽ അയാളുടെ കുടുംബത്തിന് കുടുംബ പെൻഷനായി പ്രതിമാസം 300 രൂപ ലഭിക്കുന്നതാണ്. പദ്ധതിയിൽ കുറഞ്ഞത് 5 വർഷം തുടർച്ചയായി അംശാദായം ഒടുക്കിയ അംഗത്തിന് അപകടം മൂലം ജോലി ചെയ്യുവാൻ കഴിയാത്ത അവസ്ഥ ഉണ്ടാകുന്ന പക്ഷം സ്ഥിരവും പൂർണ്ണവുമായ ശാരീരിക അവശത 50% ന് മുകളിലാണെങ്കിൽ, അവശതാ പെൻഷനായി പ്രതിമാസം 1,200/- രൂപ ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതാണ്. ഇതിനായി മെഡിക്കൽ ബോർഡ് നൽകുന്ന ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. കൂടാതെ പദ്ധതിയംഗങ്ങളുടെ മക്കൾക്ക് വിവിധ കോഴ്സുകൾക്ക് 750/- രൂപ മുതൽ 2500/- രൂപ വരെ വിദ്യാഭ്യാസാനുകൂല്യമായി പ്രതിവർഷം നൽകി വരുന്നു. നിലവിൽ അംഗങ്ങൾക്കും കുടുബാംഗങ്ങൾക്കും സർക്കാർ ആശുപത്രികളിലോ ബോർഡ് അംഗീകരിച്ചിട്ടുള്ള മറ്റ് ആശുപത്രികളിലോ ഇൻ-പേഷ്യന്റായുള്ള ചികിത്സയ്ക്ക് അംഗത്വ കാലയളവിനുള്ളിൽ പരമാവധി 10,000/- രൂപ ചികിത്സാ സഹായമായി നൽകുന്നുണ്ട്. പദ്ധതിയംഗങ്ങൾക്ക് മരണാനന്തരാനുകൂല്യവും അപകടാനുകൂല്യവും ലഭിക്കുന്നതിന് മുഴുവൻ പദ്ധതി അംഗങ്ങളെയും സൗജന്യമായി PMJJBY-പദ്ധതിയിൽ അംഗങ്ങളാക്കിയിട്ടുണ്ട്. അംഗം മരണമടഞ്ഞാൽ മരണാനന്തര ചെലവുകൾക്കായി 1,000/- രൂപ നിധിയിൽ നിന്നും ആശ്രിതന് ലഭിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 10 വർഷത്തിൽ കൂടുതൽ അംശാദായം അടച്ച അംഗങ്ങൾക്ക് വിവാഹം, വീട് നിർമ്മാണം, സ്വയംതൊഴിൽ ചെയ്യൽ എന്നീ ആവശ്യങ്ങൾക്കായി മൂന്ന് വർഷത്തിനുള്ളിൽ തിരിച്ചടക്കത്തക്ക വിധത്തിൽ പലിശരഹിതവായ്പയും അനുവദിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ